## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 212 — 20/06/2012 —ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് പുതുതായി തൊഴിൽ സാഹചര്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എം.പി. വിൻസെന്റ് | കുമാരി. പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| എ.<br>പട്ടികവർഗ്ഗക്കാർക്ക് പുതുതായി എന്തെല്ലാം തൊഴിൽ സാഹചര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ.<br>സംസ്ഥാനത്തെ വിവധ പട്ടികവർഗ്ഗ ജന വിഭാഗങ്ങൾക്കായി സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കു പുറമെ പുതുതായി തൊഴിൽ സാഹചര്യവും തൊഴിൽ ലഭ്യതയും ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന നൂതന സംരംഭങ്ങൾക്കു സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്.<br>1) വകുപ്പിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററുകൾ നവീകരിക്കും.<br>2) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരായ 500 യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി സൗജന്യമായി ഓട്ടോറിക്ഷകൾ നൽകുന്നതാണ്.<br>3) വംശീയവൈദ്യത്തിന് പ്രചാരണം നൽകുന്നതിനും അതിന്റെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിൽ വിതുരയിൽ ഒരു റിസർച്ച് സെന്ററും വയനാടും പാലക്കാടും ഓരോ ശാഖകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

4) ഫിഷറീസ് വകുപ്പുമായി ചേർന്ന് 8 റിസർവോയറുകളിൽ മത്സ്യബന്ധനത്തിന് വള്ളവും വലയും നൽകുന്നു.

5) എംപ്ളോയ്മെന്റ് ഗൈഡൻസ് സെന്ററുകൾ വഴി ഡി.സി.എ. കോഴ്സിന് പരിശീലനം നൽകുന്നു.

6) പി.എസ്.സി. പരീക്ഷകൾക്ക് പരിശീലനം നൽകുന്നു.

7) പൈലറ്റ് ട്രെയിനിംഗ്, മറൈൻ എഞ്ചിനീയറിംഗ്, ഫാഷൻ ടെക്നോളജി എന്നിവയിൽ പരിശീലനം നൽകുന്നു.

8) പാലക്കാട് ജില്ലയിലെ അഹല്യ ആശുപത്രിയുമായി ചേർന്ന് പഞ്ചകർമ്മ ചികിത്സാരീതി പരിശീലനം നൽകുന്നു.

9) വിവിധ ഫുഡ്ക്രാഫ്ട് സർട്ടിഫിക്കറ്റ് കോഴ്സുകളിൽ പരിശീലനം നൽകി വരുന്നു.

10) അട്ടപ്പാടിയിൽ നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ ഒരു കമ്മ്യൂണി കോളേജ് ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്.

11) വയനാട് ജില്ലയിലെ അമൃത് എന്ന സ്ഥാപനം വഴി പ്രിന്റിംഗ്, നോട്ട്ബുക്ക്, ബാഗ്, കുട എന്നിവയുടെ നിർമ്മാണത്തിന് പരിശീലനം നൽകി വരുന്നു.

12) ഹോട്ടൽ മാനേജ്മെന്റിലെ വിവിധ കോഴ്സുകൾക്ക് കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നൽകി വരുന്നു. പരിശീലനം പൂർത്തിയായ എല്ലാവർക്കും തൊഴിൽ ലഭിച്ചു.

| ബി | ബി |
| --- | --- |
| മാറുന്ന തൊഴിൽ സാഹചര്യങ്ങളിൽ ഇടംപിടിക്കാൻ കഴിയുന്നതരത്തിൽ വൈദഗ്ദ്ധ്യ വികസന പരിപാടികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ;<br>ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്? | പരിഗണിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി ചുവടെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.<br>1) വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ നവീകരിക്കുക.<br>2) പുതിയ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പട്ടികവർഗ്ഗക്കാർക്കു പരിശീലനം നൽകുക.<br>3) ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പോലുള്ള നവീന തൊഴിൽ മേഖലകളിൽ പട്ടികവർഗ്ഗ യുവതീ - യുവാക്കൾക്ക് പരിശീലനം നൽകുക.<br>4) പാരാമെഡിക്കൽ കോഴ്സുകൾ, പോളിടെക്നിക് കോഴ്സുകൾ തുടങ്ങിയ കോഴ്സുകളിൽ കൂടുതൽപേരെ പരിശീലിപ്പിക്കുക.<br>5) ആധുനിക രീതിയിലുള്ള അപ്പാരൽ മാനുഫാക്ചറിംഗ് കോഴ്സുകളിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് പരിശീലനം നൽകുക.<br>6) ചെറുകിട വ്യവസായ സംരംഭങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ അവസരം ഉറപ്പുവരുത്തുക.<br>7) വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ ഫയർ ആന്റ് സേഫ്റ്റി കോഴ്സ്, ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ എന്നിവയിൽ പരിശീലനം നൽകുക.<br>ആഫീസ് മാനേജ്മെന്റ് ട്രെയിനിംഗ് നൽകുക. |

സെക്ഷൻ ഓഫീസർ